പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2139 — 11/02/2020 ൽ മറുപടി നല്കേണ്ടത്.

## കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറിക്കിടക്കുന്നതും ജീർണ്ണിച്ചതുമായ കെട്ടിടങ്ങൾക്ക പകരം ഒരു കെട്ടിട സമുച്ചയം നിർമ്മിച്ച് എല്ലാ വിഭാഗങ്ങളും ഒരു കുടക്കീഴിലാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറി കിടക്കുന്ന കെട്ടിടങ്ങൾക്ക് പകരം ഒറ്റ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി നബാർഡ് സ്കീമിൽ 17 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (ബി) ടി പദ്ധതിയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് പൂർത്തീകരിക്കാനുണ്ട്. |
| (സി) ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രിയിൽ പേഷ്യന്റ്സ് സർവ്വീസിനായി തെരഞ്ഞെടുത്തവരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) ടി പ്രപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ